**കേരള സർക്കാർ**

# ധനകാര്യ (നോഡൽസെന്റർ-ബി) വകുപ്പ്

**നം: 61/2018/ധന.** **തിരുവനന്തപുരം, തീയതി : 03.07.2018**

## സർക്കുലർ

വിഷയം:- നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 സാമ്പത്തിക വർഷത്തെ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് നൽകുന്നത് - സംബന്ധിച്ച്

സൂചന:- 03.04.2018 ലെ സർക്കുലർ നം. 26/2018/ധന.

സൂചനയിലെ സർക്കുലർ പ്രകാരം 2017-18 സാമ്പത്തിക വർഷത്തെ നിയോജക മണ്ഡല ആസ്തി വികസന പദ്ധതിയിലുൾപ്പെട്ട പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 30.06.2018 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു. എന്നാൽ നിരവധി പ്രവൃത്തികളുടെ എസ്റ്റിമേറ്റും അനുബന്ധ രേഖകളും പ്രസ്തുത സമയപരിധിക്കുള്ളിൽ ലഭ്യമായിട്ടില്ലാത്തതിനാൽ ശിപാർശ ചെയ്ത മുഴുവൻ പ്രവൃത്തികൾക്കും ഭരണാനുമതി നൽകാൻ കഴിഞ്ഞിട്ടില്ല. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ന് കീഴിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധി 31.08.2018 ആയി ദീർഘിപ്പിച്ച് നൽകുന്നു.
2. നിയോജകമണ്ഡല ആസ്തി വികസന പദ്ധതി 2017-18 ന് കീഴിൽ ഇതിനോടകം ശിപാർശകൾ സമർപ്പിച്ചിട്ടില്ലാത്ത നിയമസഭാ സാമാജികർ 31.08.2018 നകം ആയവ സമർപ്പിച്ച് പ്രവൃത്തികൾക്ക് ഭരണാനുമതി വാങ്ങേണ്ടതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**അജിത് കുമാർ. എ**
**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

എല്ലാ എം.എൽ.എ.മാർക്കും
ബഹു.സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
എല്ലാ മന്ത്രിമാരുടെയും പ്രതിപക്ഷനേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ) കേരള, തിരുവനന്തപുരം
എല്ലാ ഭരണവകുപ്പുകൾക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
ട്രഷറി ഡയറക്ടർ
നോഡൽ ഓഫീസർ (ഫിനാൻസ്) www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**